# കേരള സർവകലാശാല

നം.പി.ആർ.233/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വാചാ പരീക്ഷ

നവംബർ 7, 8 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി ഫിസിക്സ് (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം നവംബർ 11, 12 തീയതികളിലും നവംബർ 7 ലെ ബി. എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ നവംബർ 18 നും നടത്തുന്നതാണ്.

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ജൂലൈ 2019 ന്റെ (2008 & 2013 സ്കീം സപ്ലിമെന്ററി, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് റെഗുലർ & സപ്ലിമെന്ററി) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ നവംബർ 8, 11, 12 തീയതികളിൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം എന്നീ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ/വാചാ പരീക്ഷ നവംബർ 11, 12 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ നലാം സെമസ്റ്റർ ബി.എസ്.സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിന്റെ എൻവയോൺമെന്റൽ സയൻസ് – EE 1443, വാട്ടർ മാനേജ്മെന്റ് – EE 1472 പ്രാക്ടിക്കൽ പരീക്ഷ നവംബർ 12, 13 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 നവംബർ 15 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം (എഫ്.ഡി.പി) – (2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2014, 2015, 2016 & 2017 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 നവംബർ 19 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം (എഫ്.ഡി.പി) – 2010, 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ സപ്ലിമെന്ററി ഡിഗ്രി പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം, കൊല്ലം ജില്ലയിൽ ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ എസ്.ഡി കോളേജ്, ആലപ്പുഴ എന്നിങ്ങനെ പരീക്ഷാകേന്ദ്രങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ അതാത് കോളേജുകളിൽ നിന്ന് ഹാൾടിക്കറ്റ് കൈപ്പറ്റി മേൽപ്പറഞ്ഞ പരീക്ഷകേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 15 വരെ അപേക്ഷിക്കാം. 2019 ആഗസ്റ്റിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ഡെസ്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂണിൽ നടത്തിയ എം.എസ്.ഡബ്ല്യൂ (സോഷ്യൽ വർക്ക്) 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## പരീക്ഷാഫീസ്

2019 ഡിസംബർ 12 ന് ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 11 വരെയും 150 രൂപ പിഴയോടെ നവംബർ 14 വരെയും 400 രൂപ പിഴയോടെ നവംബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മെരിറ്റ് ഡേ

കൊമേഴ്സ് വകുപ്പ് അലുമ്നി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2019 നവംബർ 9 ന് രാവിലെ 11 മണിക്ക് കാര്യവട്ടം കാമ്പസിലുള്ള കൊമേഴ്സ് വകുപ്പിൽ വെച്ച് 'മെരിറ്റ് ഡേ' സംഘടിപ്പിക്കുന്നു. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി മഹാദേവൻപിള്ള ഉത്ഘാടനവും ഡോ.പ്രദീപ് തേവന്നൂർ മെമ്മോറിയൽ സ്കോളർഷിപ്പും വിശിഷ്ട പൂർവ്വ വിദ്യാർത്ഥികൾക്കുള്ള അവാർഡ് ദാനവും നിർവ്വഹിക്കുന്നതാണ്. ഇൻ ആപ്പ് ടെക്നോളജീസിന്റെ സഹസ്ഥാപകനായ ശ്രീ.വിജയകുമാർ പ്രസ്തുത ചടങ്ങിൽ പ്രഭാഷണം നടത്തുന്നതാണ്. പ്രോ-വൈസ് ചാൻസലർ ഡോ.പി.പി അജയകുമാർ, സിൻഡിക്കേറ്റംഗങ്ങളായ ഡോ.എസ് നസീബ്, ഡോ.ഗോപ്ചന്ദ്രൻ കെ.ജി എന്നിവർ ആശംസകൾ അറിയിക്കും. പ്രസ്തുത ചടങ്ങിൽ ഈ വകുപ്പിലെ എല്ലാ പൂർവ്വ വിദ്യാർത്ഥികളും പങ്കെടുക്കാൻ താല്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക്: 9048746247, kucomalumni@gmail.com

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ പഠന കേന്ദ്രം ഇരമല്ലിക്കര ശ്രീ.അയ്യപ്പാ കോളേജ് യൂണിറ്റിൽ ഡിസംബർ 2019 മുതൽ ആരംഭിക്കുന്ന നാല് മുതൽ ആറ് മാസം വരെ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ്, യോഗ ആന്റ് മെഡിറ്റേഷൻ എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറം കോളേജ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക്:www.sreeayyappacollege.ac.in, 0479 - 2427615

തിരുവനന്തപുരം,

06.11.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098